(ഡി&ഇ) ഉണ്ട്. പത്ര റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഇറിഗേഷൻ ഉദ്യോഗസ്ഥർ ബന്ധപ്പെട്ട സ്ഥലം സന്ദർശിക്കുകയും അന്യസംസ്ഥാനങ്ങൾ അനധികൃതമായി കേരളത്തിലെ ജലസമ്പത്ത് കടത്തുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്നുണ്ട്.

(എഫ്) പത്ര റിപ്പോർട്ടിൻമേൽ സംസ്ഥാന സർക്കാർ നടപടികൾ എടുക്കാറുണ്ട്.

കാവേരിനദിയിൽ നിന്നും കേരളത്തിനർഹമായ ജലം കിട്ടുവാൻ നടപടി

4 (3944) ശ്രീമതി മെഴ്സി രവി :
ശ്രീ. എൻ. ശക്തൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു നിന്നും കാവേരി നദിയിൽ ഒഴുകിയെത്തുന്ന ജലത്തിന്റെ അളവെത്രയാണ് ;

(ബി) കാവേരി നദീജലത്തിൽ നിന്നും കേരളത്തിന് എത്ര അളവ് ജലം ലഭിക്കുവാൻ അർഹതയുണ്ട് ;

(സി) നിലവിൽ എത്ര അളവ് ജലം ലഭിക്കുന്നുണ്ട് ;

(ഡി) ഒട്ടും ലഭിക്കാത്ത പക്ഷം കേരളത്തിനർഹമായ ജലം കിട്ടുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(ഇ) കാവേരി നദീജല അതോറിറ്റിയിൽ സർക്കാർ ഇക്കാര്യം ഉന്നയിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) കേരള സംസ്ഥാനത്തു നിന്നും കാവേരി നദിയിലേക്ക് പ്രതിവർഷം 147 ടി.എം.സി. ജലം ഒഴുകി എത്തുന്നു എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ബി) കേരളത്തിന് കാവേരി നദീതടത്തിൽ നിന്നും 99.8 ടി.എം.സി. ജലം ലഭിക്കുന്നതിനുവേണ്ടി കാവേരി നദീജല ട്രൈബ്യൂണൽ മുൻപാകെ അവകാശവാദം ഉന്നയിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ കേരളം ഉപയോഗിക്കുന്നത് 5 ടി.എം.സി. ജലം മാത്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാവേരി നദീജലത്തിൽ നിന്നും അർഹമായ വിഹിതം ലഭിക്കുന്നതിനുവേണ്ടി കാവേരി നദീജലതർക്ക ട്രൈബ്യൂണൽ മുൻപാകെ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കാവേരി നദീജലത്തിൽ നിന്നും 99.8 ടി.എം.സി. ജലം ലഭിക്കുന്നതിനുവേണ്ടി 21 പദ്ധതികളുടെ പ്രിലിമിനറി റിപ്പോർട്ട് ട്രൈബ്യൂണൽ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. അർഹമായ വിഹിതം കിട്ടുന്നതിനുവേണ്ടി നിയമപരവും ഭരണപരവും ആയ എല്ലാവിധ നടപടികളും സ്വീകരിച്ചുവരുന്നു.

(ഇ) കാവേരി നദീജല അതോറിറ്റിയിൽ കേരളത്തിന് അർഹമായ ജലത്തിന്റെ അവകാശവാദം ഉന്നയിക്കുവാൻ സാധിക്കുന്നതല്ല. 25-6-1991-ലെ കാവേരി നദീജല തർക്ക ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവുകളും അനുബന്ധ ഉത്തരവുകളും നടപ്പിൽ വരുത്തുവാൻ വേണ്ടിയാണ് കാവേരി റിവർ അതോറിറ്റി രൂപവൽക്കരിക്കപ്പെട്ടിട്ടുള്ളത്.

ഭവാനി നദിയിൽ തടയണ കെട്ടുന്നതിന് വന്ന സ്റ്റേ ഒഴിവാക്കുന്നതിന് നടപടി

5 (3945) ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവാനി നദിയിൽ നിന്നും സംസ്ഥാനത്തിന് എത്ര അളവ് വെള്ളം കിട്ടാനുള്ള അർഹതയുണ്ട് ;

(ബി) പ്രസ്തുത നദിയിൽ തടയണ കെട്ടുന്ന നടപടിക്ക് നൽകിയ സ്റ്റേ വെക്കേറ്റ് ചെയ്യുവാൻ എന്തു നടപടി എടുത്തു ;

(സി) നാളിതുവരെ യാതൊരു നടപടിയും സ്വീകരിക്കാത്തപക്ഷം ആയതിനുള്ള കാരണം വിശദീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിനും തമിഴ്നാടുമായുള്ള ശിരുവാണി കരാർ പ്രകാരം കേരളത്തിന് ഭവാനി നദിയിൽ നിന്നും 2.5 ടി.എം.സി. വെള്ളം കിട്ടാനുള്ള അർഹതയുണ്ട്. കൂടാതെ ഭവാനി നദീതടത്തിലെ കേരളത്തിന്റെ സംഭാവനയായ 36 ടി.എം.സി. ജലത്തിന്റെ അവകാശവാദം കേരളം കാവേരി നദീജലത്തിന്റെ ട്രൈബ്യൂണൽ മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്.

(ബി) ഭവാനി നദിയിലെ മുക്കാലിതടയണയുടെ നിർമ്മാണം സ്റ്റേ ചെയ്തു കൊണ്ടുള്ള കാവേരി നദിജലതർക്ക ട്രൈബ്യൂണലിന്റെ ഉത്തരവിൻമേൽ സുപ്രീം കോടതിയിൽ ഒരു സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്യുവാനുള്ള നടപടികൾ എടുത്തുവരുന്നു. മുക്കാലി തടയണയുടെ നിർമ്മാണം നിർത്തിവെയ്ക്കണമെന്ന

LIBRARY ARCHIVES Kerala Legislative Assembly